**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 601 — 10.06.2014 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.ടി. വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനും വികസനത്തിനുമായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഐ.ടി രംഗത്തെ വളർച്ചയ്ക്കായി പ്രത്യേക പാർക്കുകൾ തുടങ്ങുന്നതിനും അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കൊപ്പം ഐ.ടി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുതിയ ഐ.ടി നയത്തിന് രൂപം കൊടുത്തിട്ടുണ്ട്. സ്വകാര്യ ഐ.ടി പാർക്കുകൾ, ഐ.ടി ടൗൺഷിപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയും പ്രോത്സാഹനം നൽകുന്നതിനു വേണ്ടിയും ഐ.ടി നയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. പുതിയ ഐ.ടി നയപ്രകാരം സംസ്ഥാന സർക്കാർ 5 ലക്ഷം തൊഴിലവസരങ്ങളാണ് 2020-ഓടെ വിഭാവനം ചെയ്യുന്നത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നീ ഹബ് പാർക്കുകളുടെയും, മറ്റ് സ്ഥലങ്ങളായ കൊല്ലം, ചേർത്തല, കൊരട്ടി, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്പോക്ക് പാർക്കുകൾ സ്ഥാപിക്കുകയും വഴി ഇതിനാവശ്യമായ ആഗോള നിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത്. കോട്ടയം ജില്ലയിലെ പാലായിൽ Indian Institute of Information Technology യും ഇൻഫോസിറ്റിയും വിഭാവനം ചെയ്യുന്നുണ്ട്. ഐ.ടി, ഐ.ടി.ഇ.എസ് (ITES) വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ |

എന്നിവടങ്ങളിലെ എയർപോർട്ടുകളെയും തുറമുഖങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട് ഇൻഡസ്ട്രിയൽ ഡെവലപ്പമെന്റ് സോൺ, കൊച്ചി ആസ്ഥാനമായി സ്മാർട്ട് സിറ്റി, തിരുവനന്തപുരത്ത് ഇൻഫർമേഷൻ ടെക്നോളജി ട്രെയിനിംഗിനു വേണ്ടി ഐ.സി.റ്റി അക്കാദമി, യുവ സംരംഭകർക്ക് സ്വന്തമായി വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള പരിജ്ഞാനം ആർജ്ജിക്കുന്നതിന് സഹായിക്കുന്ന Technopark, Technology Business Incubation Centre ന്റെ കീഴിൽ കൊച്ചിയിൽ Innovation Zone എന്നിവ ഐ.ടി വ്യവസായം പ്രോൽസാഹിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയെന്നും അതിന്റെ പുരോഗതികൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 64,19,004 സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ നല്കിയിട്ടുണ്ട്. അക്ഷയ കേന്ദ്രത്തിൽ പോകതെ തന്നെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം ഈ പദ്ധതിയുടെ കീഴിൽ 2013 ഒക്ടോബർ പതിനെട്ടാം തീയതി മുതൽ ലഭ്യമാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ കൂടുതൽ സേവനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയാണ്. ഇതുകൂടാതെ ഫ്രണ്ട്സ് ജനസേവന കേന്ദ്രം മുഖേന മാത്രം ലഭ്യമാക്കിയിരുന്ന വൈദ്യുതി, ജലം, ടെലിഫോൺ തുടങ്ങിയ വിവിധ payment സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; പദ്ധതി കൂടുതൽ താഴെത്തട്ടിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നിലവിൽ നല്കുന്ന സേവനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## 1. സർട്ടിഫിക്കറ്റ് സർവീസുകൾ

1 ജാതി സർട്ടിഫിക്കറ്റ്
2 താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
3 തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
4 റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
5 നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6 പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്
7 സോൾവൻസി സർട്ടിഫിക്കറ്റ്
8 ലൊക്കേഷൻ സർട്ടിഫിക്കറ്റ്
9 ഡൊമിസിൽ സർട്ടിഫിക്കറ്റ്
10 വരുമാന സർട്ടിഫിക്കറ്റ്
11 കൈവശാവകാശ സർട്ടിഫിക്കറ്റ്
12 കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
13 കൈവശാവകാശവും നോൺ-അറ്റാച്ച്മെന്റും സർട്ടിഫിക്കറ്റ്
14 മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
15 ലൈഫ് സർട്ടിഫിക്കറ്റ്
16 വാല്യുവേഷൻ സർട്ടിഫിക്കറ്റ്
17 വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
18 ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
19 മത/ജാതി പരിവർത്തന സർട്ടിഫിക്കറ്റ്
20 അഗതി സർട്ടിഫിക്കറ്റ്
21 കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
22 ആശ്രിതനെന്ന സർട്ടിഫിക്കറ്റ്
23 പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ്

## 2. പേയ്മെന്റ് സർവീസുകൾ

1 Electricity Bill
2 Water Bill
3 BSNL Phone Bills - Land Phone Bills, Mobile Phone Bills, Wireless Bills
4 University Fees - Calicut University
5 Cultural Welfare
6 Labour Welfare
7 Police Department, e-Chalan

## 3. വിവരാവകാശ നിയമം-അപേക്ഷയും ഒന്നാം അപ്പീലും

സെക്ഷൻ ഓഫീസർ